പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2384 **27-10-2026-ൽ മറുപടിയ്ക്ക്**

സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് സമീപത്തെ വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. കെ. സനോജ് ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ
വകുപ്പ് മന്ത്രി)

(എ) സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് സമീപത്തുകൂടി കടന്നു പോകുന്ന വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് ഒഴിവാക്കി നൽകുന്ന കാര്യം പരിഗണിക്കാമോ;

മറുപടി: എല്ലാ വർഷവും വിദ്യാലയങ്ങളിൽ അദ്ധ്യായന വർഷം തുടങ്ങുന്നതിനു മുൻപായി വിദ്യാലയ പരിസരത്തുള്ള ഇലക്ട്രിക്കൽ ലൈനുകളും, പ്രതിഷ്ഠാപനങ്ങളും പരിശോധിച്ചു സുരക്ഷിതമാണെന്ന് കെ.എസ്.ഇ.ബി.എൽ ഉറപ്പുവരുത്തുന്നുണ്ട്. ആ ഓഡിറ്റ് നടക്കുമ്പോൾ അപകടകരമായി കാണുന്ന ലൈനുകൾ കവേർഡ് റീകണ്ടക്ടറിങ്, LT ABC (എരിയൽ ബഞ്ച്ഡ് കേബിൾ) ഉപയോഗിച്ചുള്ള റീകണ്ടക്ടറിംഗ് തുടങ്ങിയ പ്രവർത്തികൾ ബോർഡിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നുണ്ട്.

സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് സമീപത്തുകൂടി കടന്നുപോകുന്ന ട്രാൻസ്മിഷൻ ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് ചെലവ് ഒഴിവാക്കി നൽകാൻ നിലവിൽ വ്യവസ്ഥകളില്ല.

(ബി) സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് സമീപത്തുകൂടി കടന്നു പോകുന്ന വൈദ്യുതി ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായുള്ള എത്ര അപേക്ഷകൾ കെ.എസ്.ഇ.ബി-യുടെ പരിഗണനയിലുണ്ട്; വിശദമാക്കാമോ?

മറുപടി: പതിനാറ് അപേക്ഷകൾ പരിഗണനയിലുണ്ട്. അപേക്ഷകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ